

# അവിട്ടത്തൂർ തിരുക്കുടുംബ ഇടവക

1878-ാം വർഷത്തിലാണ് അവിട്ടത്തൂരിന്റെ ആത്മീയ സ്രോതസ്സായി തിരുക്കുടുംബ ദേവാലയം സ്ഥാപിതമായത്. ഇതിന് മുമ്പ് ഇവിടത്തെ കത്തോലിക്കാവിശ്വാസികളുടെ ഇടവക പുരാതനമായ വെളയനാട് പള്ളി ആയിരുന്നു. എന്നാൽ അവിട്ടത്തൂർ ദേശവാസികൾക്ക് ആദ്ധ്യാത്മിക ആവശ്യങ്ങൾക്ക് വെളയനാട് പോകുന്നതിന് യാത്രാക്ലേശം വന്നപ്പോൾ ഇപ്പോഴുള്ള ദേവാലയത്തിന്റെ വടക്ക് പടിഞ്ഞാറ് ഭാഗത്ത്, പടിഞ്ഞാറ് വശത്തേയ്ക്ക് ദർശനമായി മുള, പനമ്പ്, ഓല എന്നിവ ഉപയോഗിച്ച് (കുരിശുപള്ളി) ഒരു ദേവാലയം നിർമ്മിച്ചു.

അവിട്ടത്തൂർ നിവാസിയായ ചിറ്റിലപ്പിള്ളി തൊമ്മാന ബഹു. യോഹന്നാൻ മല്പാനച്ചന് 1861-ൽ പോർച്ചുഗീസുകാരിൽ നിന്ന് പാരിതോഷികമായി ലഭിച്ച തിരുക്കുടുംബത്തിന്റെ രൂപമാണ് പള്ളിയിൽ ആദ്യമായി പ്രതിഷ്ഠിച്ചത്. തന്മൂലം അവിട്ടത്തൂർ ഇടവക തിരുക്കുടുംബ ദേവാലയം എന്ന നാമധേയത്തിൽ അറിയപ്പെടുന്നു.

## കപ്പേളകൾ

അവിട്ടത്തൂർ സെന്ററിൽ 1938-ൽ വി. ഗീവർഗീസിന്റെ നാമധേയത്തിലും, ഇടവകയുടെ കിഴക്ക് ഭാഗത്തായി 1964-ൽ തിരുക്കുടുംബത്തിന്റെ നാമധേയത്തിലും, ഇപ്പോഴുള്ള ദേവാലയത്തിന് മുൻപിൽ 1989-ൽ വി. അന്തോണീസിന്റെ നാമധേയത്തിലും, ഇടവകയുടെ തെക്ക് ഭാഗത്തായി 2008-ൽ വേളാങ്കണ്ണി മാതാവിന്റെ നാമധേയത്തിലും കപ്പേളകൾ നിർമ്മിക്കപ്പെട്ടു.

1900 വരെ കുരിശുപള്ളിയുടെ ആത്മീയ കാര്യങ്ങൾ നടത്തിയിരുന്നത് അവിട്ടത്തൂർ ഊരകം നിവാസി ബഹു. ചിറ്റിലപ്പിള്ളി പൊഴോലിപറമ്പിൽ പൗലോസച്ചനായിരുന്നു. അതിനുശേഷം 1915 വരെ വെളയനാട് പള്ളി വികാരിയായിരുന്ന ബഹു. തലക്കോട്ടൂർ കുരിയാക്കോസ് അച്ചനായിരുന്നു ആത്മീയ കാര്യങ്ങൾ നടത്തിപ്പോന്നത്. ഈ കാലഘട്ടത്തിൽ കുരിശുപള്ളിയുടെ അല്പം കിഴക്ക് മാറി വടക്കോട്ട് ദർശനമായി രണ്ടാമത്തെ പള്ളിയുടെ പണി പൂർത്തിയാക്കുകയും തുടർന്ന് തിരുക്കർമ്മങ്ങൾ നടത്തിപ്പോരുകയും ചെയ്തു.



പുതിയ വൈദികമന്ദിരം



ഹോളി ഫാമിലി കോൺവെന്റ്

## ഇപ്പോഴത്തെ പള്ളി

ഇന്ന് കാണുന്ന അവിട്ടത്തൂർ ഇടവക പള്ളിയുടെ നിർമ്മാണം 1977-ൽ തൃശ്ശൂർ രൂപതാദ്ധ്യക്ഷനായിരുന്ന മാർ ജോസഫ് കുണ്ടുകുളം പിതാവ് ശിലാസ്ഥാപന കർമ്മം നടത്തി ആരംഭം കുറിച്ച് 1980-ൽ പൂർത്തീകരിക്കുകയും ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷനായ മാർ ജെയിംസ് പഴയാറ്റിൽ 13.4.1980-ൽ പ്രതിഷ്ഠാകർമ്മം നിർവ്വഹിക്കുകയും ചെയ്തു. 1973 മുതൽ 1980 വരെ ഇടവകയ്ക്ക് നേതൃത്വം നല്കിയത് പൊറുത്തൂർ ബഹു. ലാസർ അച്ചനാണ്. പിന്നീട് വൈദികമന്ദിരം പുതുക്കി പണിതു. കാലക്രമേണ പാരിഷ് ഹാൾ പണിതീർത്ത് വെഞ്ചരിച്ചു.

അവിട്ടത്തൂർ ഇടവകയിൽനിന്ന് 1977-ൽ പുല്ലൂർ, 1981-ൽ ഊരകം, 1986-ൽ കല്ലംകുന്ന് എന്നീ പള്ളികൾ സ്വതന്ത്ര ഇടവകകളായി തിരിഞ്ഞു പോയി.

## കോൺവെന്റ്, സ്കൂൾ

1964-ൽ സ്ഥാപിതമായ ഹോളിഫാമിലി മഠം, ഇടവകയുടെ ആത്മീയ ഉണർവിനും വിദ്യാഭ്യാസ പുരോഗതിയ്ക്കും കാരണമായി.

1920-മുതൽ ഇന്നത്തെ പള്ളിയുടെ പടിഞ്ഞാറ് ഭാഗത്തായി പനംകുളം ബഹു. അന്തോണിയച്ചന്റെ മേൽനോട്ടത്തിൽ പള്ളിക്കൂടം നടത്തിവരുകയും 1925- ൽ ഹോളി ഫാമിലി എൽ.പി. സ്ക്കൂൾ സ്ഥാപിക്കുകയുമുണ്ടായി. 1962-ൽ ഹോളി ഫാമിലി സന്യാസിനീസമൂഹത്തെ ഏല്പിക്കുന്നതുവരെ പള്ളിയുടെ മാനേജ്മെന്റിൽ പള്ളി വികാരിയച്ചൻ മാനേജർ ആയി പ്രവർത്തിച്ചു. 2001-ൽ എൽ.പി. സ്ക്കൂളിന്റെ എല്ലാ അധികാരവും ഹോളി ഫാമിലി സന്യാസിനീ സമൂഹത്തിന് വിട്ടുകൊടുക്കുകയും ചെയ്തു.

നാല് മേഖലകളിലെ 11 കുടുംബകൂട്ടായ്മ യൂണിറ്റുകളിലായി 438 കുടുംബങ്ങൾ ഇപ്പോൾ ഈ ഇടവകയിലുണ്ട്. 12 മതാധ്യാപകർ ബഹുമാനപ്പെട്ട വികാരിയച്ചന്റെ നേതൃത്വത്തിൽ ഇടവകയുടെ വിശ്വാസപരിശീലന രംഗത്ത് പ്രവർത്തിക്കുന്നു. മോൺ. പോൾ ചിറ്റിലപ്പിള്ളിയച്ചന്റെ പേരിലുള്ള ഒരു സാമൂഹ്യ



വേളാങ്കണ്ണിമാതാ കപ്പേള





വി. ഗീവർഗ്ഗീസ് കപ്പേള



വി. അന്തോണീസ് കപ്പേള



തിരുക്കുടുംബത്തിന്റെ കപ്പേള




ഹോളി ഫാമിലി എൽ.പി. സ്ക്കൂൾ (പുതിയകെട്ടിടം)

സ്ഥാപനവും, എൻഡോവുമെന്റുകളും നിലവിലുള്ളത് പ്രയോജനകരമാണ്.

അടിപതറാത്ത വിശ്വാസവും ആത്മാർത്ഥമായ അദ്ധ്വാനവും കറകളഞ്ഞ കൂട്ടായ്മയും കൈമുത ലാക്കിയ തലമുറകൾ പകർന്നുതന്ന വിശ്വാസദീപം കെട്ടുപോകാതെ കാത്തുസൂക്ഷിച്ച് ഈ മണ്ണിൽ പിന്നിട്ടത് 130 വർഷങ്ങളാണ്.



ഹോളി ഫാമിലി വെൽഫെയർ സൊസൈറ്റി



പാരിഷ് ഹാൾ



ഹോളിഫാമിലി എൽ.പി. സ്ക്കൂൾ (പഴയ കെട്ടിടം)